കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

കുന്നത്തൂർ ഗ്രാമപഞ്ചായത്ത്
ഓഡിറ്റ് റിപ്പോർട്ട് 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം/പി-10/207/2019

കേരള സംസ്ഥാന ഓഡിറ്റ് വക
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
തീയതി –09.04.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുന്നത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുന്നത്തൂർ ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നത്തൂർ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്ക ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾ ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹ വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോ കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓ റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെ പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേ പഞ്ചായത്ത് രാജ്- പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓ പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നട സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്ര കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്(ലോക്കൽ ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത്

പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്ന
കാണുക).

വിശ്വസ്തതയോ

ഡെപ്യൂട്ടി ഡയറക്ടർ(ഹ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എൽ.എം/പി-10/207/2019 തീയതി:09/04/2019

<u>കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്ത് വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്ക ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്ത വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2017 മുതൽ 09-01-2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പ പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പ പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓ അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടു ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുക മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓ അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേ വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോ തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓ വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ.കെ.പി.മാത്യുറോയി, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)	
ഓഡിറ്റിന് വിനിയോഗിച്ച സമയം	10-01-2019 മുതൽ 22-01-2019 വരെ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീമതി.അജി.കെ.എസ്	ഓഡിറ്റ് ഓഫീസർ (ഹയർഗ്രേഡ്)
	ശ്രീ.അജ്മൽ എ.എസ്സ്	അസിസ്റ്റന്റ് ഓ ഓഫീസർ
	ശ്രീമതി.പത്മകുമാരി.എൽ	അസിസ്റ്റന്റ് ഓ ഓഫീസർ
	ശ്രീമതി.സുനിതാ സെബാസ്റ്റ്യൻ	ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീ.കുന്നത്തൂർ പ്രസാദ്	01-04-17 മുതൽ 31-03-18 വരെ
നിർവ്വഹണ ഉദ്യോഗസ്ഥർ		
ഉദ്യോഗപ്പേര്	**പേര്**	**കാലയളവ്**
സെക്രട്ടറി	ശ്രീ.നാസ്സറുദ്ദീൻ എ	01/04/2017മുതൽ 19/09/2017 വരെ
	ശ്രീമതി.ഉഷാകുമാരി	20/09/2017 മുതൽ 31/03/2018 വരെ
അസി. സെക്രട്ടറി	ശ്രീ.പി.ജോണി	01-04-17മുതൽ 31-3-18 വരെ
അസി. എഞ്ചിനീയർ	ശ്രീ.ഇ.ഷാനവാസ്	1-04-17 മുതൽ 31-03-18 വരെ
കൃഷി ഓഫീസർ	ശ്രീ.തുളസിധരൻ പിള്ള	1/04/2017 മുതൽ 31/07/2017 വരെ
	ശ്രീ.രതീഷ് പി.ആർ	1-08-17 മുതൽ 31-3-18 വരെ
ഐ. സി. ഡി. എസ്. സൂപ്പർവൈസർ	ശ്രീമതി.പദ്മലത	1-04-17 മുതൽ 31-3-18 വരെ
വി. ഇ. ഒ.	ശ്രീമതി.രഹിന ആർ (നെടിയ വിള ഏരിയ)	01/04/2017മുതൽ 17/08/2017 വരെ
	ശ്രീമതി.ബേബി. (നെടിയ വിള ഏരിയ)	18/08/2017മുതൽ 31/03/2018 വരെ
	ശ്രീമതി.ശ്രീജ.എസ്സ്, (കുന്നത്തൂർ ഏരിയ)	01/04/2017മുതൽ 17/08/2017 വരെ 18/8/2017 മുതൽ 20/11/2017 (ഒഴിവ്) ചാർജ്ജ് ഇല്ല.
	ശ്രീമതി.സ്മൃതി ഗോപാലകൃഷ്ണൻ (കുന്നത്തൂർ ഏരിയ)	21/11/2017മുതൽ 31-03-18 വരെ
വെറ്ററിനറി സർജൻ	ഡോ.പ്രദിപ് കുമാർ ആനന്ദ്	1-04-17 മുതൽ 31-03-18 വരെ
മെഡിക്കൽ ഓഫീസർ, പി. എച്ച്. സി.	ഡോ.ശ്രീഹരി	1-04-17 മുതൽ 31-03-18 വരെ
മെഡിക്കൽ ഓഫീസർ, ആയുർവേദം	ഡോ.സുജ.കെ ജോൺ	1-04-17 മുതൽ 31-03-18 വരെ
മെഡിക്കൽ ഓഫീസർ,	ഡോ.സജീവ്	1-04-17 മുതൽ 31-03-18 വരെ

ഹോമിയോ		
ഹെഡ്മാസ്റ്റർ	ശ്രീ.പ്രസാദ് ഡി	1-04-17 മുതൽ 31-03-18 വരെ
ഡയറി ഫാം ഇൻസ്ട്രക്ടർ	ശ്രീമതി.സംഗീത.ജി	1-04-17 മുതൽ 31-03-18 വരെ

<u>ഉള്ളടക്കം</u>

ക്രമ നം.	ഭാഗം -1	ഖണ്ഡിക നം.
1	ബജറ്റ്	1-1
2	വാർഷികധനകാര്യപത്രിക	1-2
3	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	1-3
4	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-4
5	ഫണ്ട് വിനിയോഗം	1-5
6	പദ്ധതി അവലോകനം	1-6
7	തൊഴിലുറപ്പ് പദ്ധതി	1-7
8	ക്ഷേമ പദ്ധതികൾ	1-8
9	ക്യാഷ് പരിശോധന	1-9
10	ആഭ്യന്തര നിയന്ത്രണം	1-10
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11
12	വാർഷികകണക്കുകളിലെ അപാകതകൾ	1-12
	ഭാഗം -2	
13	സർക്കാരിൻെറ മുൻകൂർ അനുമതിയില്ലാതെ ഫീസ് ഒഴിവാക്കുന്നതിന് തീരുമാനിച്ചു	2-1
14	കെട്ടിട നികുതിയിൽ നിന്ന് ഒഴിവാക്കി	2-2
15	വേക്കൻസി റെമിഷൻ അപേക്ഷകൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല	2-3
16	തൊഴിൽ നികുതി	2-4
	ഭാഗം -3	
17	തുല്യതാപരീക്ഷ -രേഖകൾ ഹാജരാക്കിയില്ല.	3-1
18	ഓർഡിനറി ബൾബുകൾക്ക് കറന്റ് ചാർജ്ജ് നൽകുന്നു	3-2
19	സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പദ്ധതി	3-3

	നടപ്പിലാക്കുന്നതിന് വികസന ഫണ്ടിൽ നിന്നും 3,75,000/- രൂപ ചെലവഴിച്ചു.	
20	സിംഗിൾ ടെണ്ടർ സ്വീകരിച്ച് പ്രവർത്തി നടത്തിയത്	3-4
21	മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ മരുന്ന് വാങ്ങിക്കൽ, ഉപകരണങ്ങൾ വാങ്ങൽ പദ്ധതികളിൽ ₹86,604/- രൂപയുടെ മരുന്നുകൾ, ഉപകരണങ്ങൾ ലഭിച്ചിട്ടില്ല.	3-5
22	പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം ലൈഫ് പദ്ധതിയിൽ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.	3-6
23	ലൈബ്രറികൾക്ക് ഫർണീച്ചർ - 44, 400/-രൂപ തടസ്സപ്പെടുത്തുന്നു.	3-7
24	വിനിയോഗസാക്ഷ്യപത്രങ്ങൾ ഇല്ല:	3-8
	ഭാഗം -4	
25	സംയുക്ത പ്രോജക്ക്കൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
26	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
27	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൽ	4-3
28	വായ്പ വായ്പ തിരിച്ചടവ്	4-4
29	സ്ഥിര നിക്ഷേപം	4-5
30	ഓഡിററ് റീക്കവറി	4-6
31	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
32	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-8
33	ഒാഡിറ്റ് പ്രത്യവലോകനം	4-9
34	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
35	അനുബന്ധം -1, ഒാഡിറ്റ് സാക്ഷ്യപത്രം 2017-18	1
36	അനുബന്ധം -2, അനുബന്ധപത്രികകൾ	2

ഭാഗം -1
പൊതു അവലോകനം
പൊതു അവലോകനം

1-1 ബജറ്റ്

15.03.2017 തീയതിയിലെ (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക / പരിഷ്കരിച്ച ബജറ്റ് 12.02.2018 തീയതിയിലെ (1)-ാം നമ്പർ തീരുമാനപ്രക അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷികധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31/7/17	10/5/17	------	------

1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2017-18	27/06/18	കെ.എസ്.എ./ കെ.എൽ.എം./പി 10/1139/18

1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	95,42,222
വരവ്	5,92,73,651
ആകെ	6,88,15,873
ചെലവ്	6,47,13,863
നീക്കിയിരിപ്പ്	41,02,010

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം		ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)		0	1,55,95,000	1,55,95,000	1,45,09,896	10,85,104
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)		0	1,15,43,947	1,15,43,947	1,05,24,258	10,19,689
വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)		0	26,989	26,989	26,989	0
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)		0	32,09,000	32,09,000	2,40,000	29,69,000
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)		0	33,94,000	33,94,000	27,86,812	6,07,188
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)		0	73,24,531	73,24,531	73,24,096	435
കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം)		0	1,90,542	1,90,542	1,84,998	5,544
സാക്ഷരത		10,889	440	11,329	30	11,299
ദുരിതാശ്വാസനിധി		0	0	0	0	0
എം.ജി.എൻ.ആർ.ഇ.ജി.എസ്	തൊഴിലാളികളുടെ കൂലി	0	1,46,64,413	1,46,64,413	1,46,64,413	0

	അഡ്മിനിസ്ട്രേറ്റീവ് ചെലവ്	14,653	9,97,034	10,11,687	10,00,446	11,241
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് Tsc ചേർക്കുക)		84,101	9,65,775	10,49,876	9,77,259	72,617
ICDS		12,89,482	9,45,187	22,34,669	0	22,34,669
Kudumbasree		29,959	4,56,415	4,86,374	4,54,333	32,041
WGDP		3,583	134	3,717	-	3,717
സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) തൊഴിൽ രഹിത വേതനം		0	1,18,560	1,18,560	1,18,560	0
കർഷക തൊഴിലാളി പെൻഷൻ		0	25,67,800	25,67,800	25,67,800	0
വിധവാ പെൻഷൻ		0	1,17,98,900	1,17,98,900	1,17,98,900	0
വാർദ്ധക്യകാലപെൻഷൻ		0	2,46,68,800	2,46,68,800	2,46,68,800	0
വികലാംഗപെൻഷൻ		0	36,72,100	36,72,100	36,72,100	0
വിവാഹധനസഹായം		0	2,70,000	2,70,000	2,70,000	0
ജോയിന്റ് വെഞ്ചർ അക്കൗണ്ട്	ബ്ലോക്ക് പഞ്ചായത്ത്	2,26,750	15,31,250	17,58,000	10,99,250	6,58,750
	ജില്ലാ പഞ്ചായത്ത്	0	10,63,750	10,63,750	10,63,750	0
ബി ഫണ്ട്		0	6,65,190	6,65,190	6,65,190	0
ജനറൽ പർപ്പസ് ഗ്രാന്റ്		0	91,01,000	91,01,000	77,76,458	13,24,542
തനത് ഫണ്ട്	ബാങ്ക് അക്കൗണ്ട്	52,83,307	76,76,842	1,29,60,149	1,10,28,233	19,31,916
	ട്രഷറി അക്കൗണ്ട്	38,55,650	1,26,03,567	1,64,59,217	1,51,34,675	13,24,542
മറ്റിനം – OAP		3,043	114	3,157	0	3,157
ബാങ്ക് അക്കൗണ്ട്		0	19,861	19,861	0	19,861

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വി
താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം
116	4,96,99,983	86	3,87,88,695	30	ഇല്ല	78%

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

1-7 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	14,653	9,97,034	10,11,687	10,00,446	11,241
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	1,46,64,413	1,46,64,413	1,46,64,413	0

1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	1,18,560	232
കർഷകതൊഴിലാളി പെൻഷൻ	25,67,800	158
വിധവാപെൻഷൻ	1,17,98,900	901
വാർദ്ധക്യകാലപെൻഷൻ	2,46,68,800	1,669
വികലാംഗപെൻഷൻ	36,72,100	239
വിവാഹധനസഹായം	2,70,000	9

1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യ ബാലൻസ് പരിശോധന 14/01/19-തീയതിയിൽ, 3 പി.എം-ന് സ്ഥാപന തലവ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26,186/- നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം

ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജനരേഖ പ്രകാരം വി ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. നികുതിപിരിവിന്റെ കാര്യക്ഷ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തി നികുതിപി ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിലും നിക പിരിച്ചെടുക്കുന്നതിലും വേണ്ടത്ര കാര്യക്ഷമത പുലർത്തുന്നില്ല. വ്യക്ത അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുക പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയ അക്കൌണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നട വൗച്ചറുകൾ ചിട്ടയോടെ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. കണക്കുകൾ ബന്ധ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ധനമിടപാടു സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വി പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലക

കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമ
അഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	05.01.2019, 07.01.2019	ഡിസംബർ-2018	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	7-9-2016	2011-12 മുതൽ 2015-16 വരെ	8-11-16

1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകള
ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1.ഗ്രാമപഞ്ചായത്തിന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് (70403140000008), ഡി.സി.ബി (03026120100000) എന്നീ ബാങ്ക് അക്കൗണ്ടുകളുടെ നീക്കി ബാക്കി, ബാങ്ക് സ്റ്റേറ്റ്മെന്റ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.
ചെക്ക് നം. 196908 പ്രകാരം റ്റി.എസ്.ബിയിൽ നിന്ന് പിൻവലിച്ച 39,000/-രൂപ ഡി.സി.ബിയിൽ നിന്നും പിൻവലിച്ചതായി ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പ്രസ്തുത ബാങ്കുകളുടെ നീക്കിബാക്കി പൊരുത്തപ്പെടുന്നില്ല.

2.ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് എന്ന ഹെഡ്ഡിൽ ചേർത്തിരിക്കുന്ന 1,61,573/-രൂപയുടെ വരവ് ചെലവ് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3.പ്രോപ്പർട്ടി ടാക്സ് അരിയർ ഡിമാന്റ് മുൻവർഷത്തെ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല. പ്രോപ്പർട്ടി ടാക്സ് ഇനത്തിൽ മുൻവർഷത്തെ ബാലൻസ് ഷീറ്റിൽ ബാക്കി നിന്ന തുക 3,24,099/- രൂപയാണ്. എന്നാൽ ഈ വർഷത്തെ കളക്ഷ 2,17,644/-രൂപയാണ്. ബാലൻസായി ചേർത്തിരിക്കുന്നത് 87,742/-രൂപയാണ് ആയത് പൊരുത്തപ്പെടുന്നില്ല.

4.പ്രോപ്പർട്ടി ടാക്സ് കറണ്ട് എന്ന ഹെഡ്ഡിന്റെ ഡിമാന്റ് 25,01,830/-രൂപയും കളക്ഷൻ തുക 20,98,718/-രൂപയും ആയിരിക്കെ ബാലൻസ് തുക 49,018 ആണ്. സഞ്ചയ സ്റ്റേറ്റ്മെന്റിൽ ബുക്ക് അഡ്ജസ്റ്റ്മെന്റ് ആയി ചേർത്തിരിക്കുന്ന 354,094/-രൂപയും Pr Period Income – Property Tax on residential building ആയി ചേർത്തിരിക്കുന്ന 3,97,264/- രൂപയ പൊരുത്തപ്പെടുന്നില്ല.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 സർക്കാരിൻെറ മുൻകൂർ അനുമതിയില്ലാതെ ഫീസ് ഒഴിവാക്കുന്നതിന് തീരുമാനിച്ചു

പഞ്ചായത്തിൻെറ ഫണ്ടിലേക്ക് നികുതിയിനത്തിലോ, നികുതിയേ ഇനത്തിലോ ഉള്ള ഏതെങ്കിലും തുകകൾ പുതുതായി വങ്ങുന്നതി വാങ്ങിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും ഫീസുകളോ ,നികുതികളോ വേണ്ടെ

വയ്ക്കുന്നതിന് സർക്കാരിൻ്റെ മുൻകൂർ അനുമതി ആവശ്യമാണ്. എന്ന സർക്കാർ അനുമതി ഇല്ലാതെ പഞ്ചായത്ത് ഫണ്ടിലേക്കുള്ള വരവ് വേണ്ടെ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു.

2017-18 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ.നിർവ്വഹണം നടത്തിയ ഒറ്റ ട പദ്ധതിയിൽ ജനറൽ വിഭാഗത്തിൽ (പദ്ധതി നം.60/17-18)326 ഗുണഭോക്താക്ക എസ്സ്.സി.വിഭാഗത്തിൽ(പദ്ധതി നം. 72/17-18) 60 ഗുണഭോക്താക്കളുമുണ്ട്. ആനുകൂല്യം ലഭിക്കുന്നതിന് ഹാജരാക്കേണ്ട രേഖയായ ഉടമസ്ഥാവക സർട്ടിഫിക്കറ്റിനായി അപേക്ഷിക്കുന്നവരിൽ നിന്നും നിശ്ചിത ഫ ഈടാക്കേണ്ടതുണ്ട്. റോഡ് കട്ടിംഗ് ഉള്ളവരിൽ നിന്നും 500/-രൂപയും റോഡ് കട്ടി ഇല്ലാത്തവരിൽ നിന്നും 400/-രൂപയുമാണ് ഈടാക്കേണ്ടത്. പദ്ധതിയ ആരംഭത്തിൽ ടി ആനുകൂല്യത്തിൻ്റെ ആവശ്യത്തിലേക്കായി വരുന്നവര നിന്നും ടി തുക ഈടാക്കിയിരുന്നു. 28/9/17 ലെ പഞ്ചായത്ത് ജനറൽ കമ്മ യോഗത്തിൽ നാലാം നം. തീരുമാനപ്രകാരം ഒറ്റ ടാപ്പ് പദ്ധതിയുടെ ഗുണഭോ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് പഞ്ചായത്ത് ഈടാക്കുന്ന വാട്ടർകണക ഫീസായ 500/-രൂപ, ഒഴിവാക്കണമെന്ന് ഭൂരിപക്ഷ അഭിപ്രായപ്രകാരം തീരുമാനി ഈ അഭിപ്രായത്തോട് എട്ടാം വാർഡ് മെമ്പർ വിയോജിപ്പ് രേഖപ്പെടുത്തുക ചെയ്തിട്ടുണ്ട്. ആയതിന്ശേഷം പ്രസ്തുത തുക ഈടാക്കിയിട്ടില്ല. ഇത് സംബന്ധ നൽകിയ ഓഡിറ്റ് എൻകാചയറിക്ക് ചുവടെ ചേർക്കും പ്രകാരം മറുപടി ലഭിച്ചു.

"ഓഫീസിൽ ഓണർഷിപ്പ് സർട്ടിഫിക്കറ്റിനായി അപേക്ഷിച്ചിട്ടുള്ളതായ എ അപേക്ഷകരിൽ നിന്നും തുക ഈടാക്കിയിട്ടുണ്ട്. 28/9/17 ലെ പഞ്ചായത്ത് കമ്മ തീരുമാനപ്രകാരം ഇവ ഒഴിവാക്കിയതിനെ തുടർന്ന് ടി തുക ഈടാക്കു സംബന്ധിച്ച് പരാതി ഉയർന്ന സാഹചര്യത്തിൽ ടി തുക ഈടാക്കിയിട്ടില്ല. 2017-1 289 ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കിയിട്ടുണ്ട് . ടി വിഷ മെമ്പർമാരുടെ ശ്രദ്ധയിൽപ്പെടുത്തി തനത് വരുമാനമെന്ന നിലയിൽ ടി തുക ഒട വരുത്തുന്നതിന് മേലിലും നടപടികൾ സ്വീകരിക്കുന്നതാണ് ".

കേരള പഞ്ചായത്തീരാജ് (വസ്തു ആർജിക്കലും കൈയൊഴിക്കലും ചട്ടങ്ങൾ)ചട്ട ഉപചട്ടം 3 പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്ന റോഡിൻ്റെ പാർശ്വങ്ങളും അതിന് യുക്തമെന്ന് തോന്നുന്ന വ്യവസ്ഥകളി നിബന്ധനകളിന്മേൽ പാട്ടത്തിന് കൊടുക്കുന്നതിന് അധികാ ഉണ്ടായിരിക്കുന്നതാണ്. പഞ്ചായത്തിന്റെ ഫണ്ടിലേക്ക് നികുതിയിനത്തിലേ നികുതിയേതര ഇനത്തിലോ ഉള്ള ഏതെങ്കിലും തുകകൾ പുതുത വങ്ങുന്നതിനോ വാങ്ങിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും ഫീസുകളോ നികുതികളോ വേണ്ടെന്ന് വയ്ക്കുന്നതിന് സർക്കാരിൻ്റെ മുൻകൂർ അനുമ ആവശ്യമാണ്. സർക്കാർ അനുമതി ഇല്ലാതെ പഞ്ചായത്ത് ഫണ്ടിലേക്കുള്ള വ വേണ്ടെയെന്ന് പഞ്ചായത്ത് കമ്മിറ്റിക്ക് മാത്രമായി തീരുമാനിക്കാൻ കഴിയ ശേഷിക്കുന്നവരിൽ നിന്നും വാട്ടർകണക്ഷൻ ഫീസിനത്തിലുള്ള തുക ഈടാ അറിയിക്കേണ്ടതാണ്.

എൻകാചയറി നം – 14/21.01.2019

2-2 കെട്ടിട നികുതിയിൽ നിന്ന് ഒഴിവാക്കി

വിദ്യാഭ്യാസാവശ്യത്തിനായുള്ള കെട്ടിടങ്ങളെ നികുതിയിൽ നി ഒഴിവാക്കിയതിനോടൊപ്പം കിച്ചൻ എന്ന് രേഖപ്പെടുത്തിയ കെട്ടിടങ്ങ നികുതിയിൽ നിന്ന് ഒഴിവാക്കി.

പഞ്ചായത്ത് പ്രദേശത്തെ സെൻ്റ് ജോസഫ്സ് നസ്രേത്ത് നഴ്സറി സ്കൂളിലെ വിദ്യാഭ്യാസാവശ്യത്തിനായി നിർമ്മിച്ച 274 m^2 വിസ്തീർണ്ണമുള്ള പുര കെട്ടിടത്തിന്റ നമ്പരിംഗിനായി സമർപ്പിച്ച അപേക്ഷയിന്മേൽ (ഫയൽ നം.A4-486

കെട്ടിട നികുതി ഒഴിവാക്കി കെട്ടിട നമ്പർ (കെട്ടിട നം.2/510)അനുവ നൽകുകയും ചെയ്തിട്ടുണ്ട്. ടി അപേക്ഷയോടൊപ്പം ഹാജരാക്കിയ കംപ്ളി പ്ളാനിൽ നിലവിലുള്ള നഴ്സറി സ്കൂൾ കെട്ടിടത്തിന് സമീപത്തായി 80 m^2 കിച്ചൻ രേഖപ്പെടുത്തിയ കെട്ടിടമുണ്ട്. ടി കെട്ടിടത്തിൻെറ ഉപയോഗക്രമം,നിലവി സ്ഥിതി , കെട്ടിട നികുതി ഈടാക്കി കെട്ടിട നമ്പർ നല്കിയ വിവരങ്ങൾ ആവശ്യ ഓഡിറ്റ് എൻക്വയറി നൽകി.

ആയതിൻെറ അടിസ്ഥാനത്തിൽ ഇതിന് കെട്ടിട ന അനുവദിച്ചിട്ടില്ലായെന്നും മേൽക്കൂര ഷീറ്റിട്ടിട്ടുള്ള ടി കെ വിറകുപുരയായിട്ടാണ് ഉപയോഗിക്കുന്നതെന്നും മറുപടി ലഭിച്ചു. വാ അടിസ്ഥാനത്തിൽ നികുതി പിരിവ് നടത്തുന്ന ജീവനക്കാരി നിലവിൽ പാചകപ്പുരയായിട്ടാണ് ഉപയോഗിക്കുന്നതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതി 80 m^2 വിസ്തീർണ്ണമുള്ള ടി കെട്ടിടം അസ്സസ്സ് ചെയ്ത വർഷം മുതലുള്ള കെട്ടിട നിക ഈടാക്കി നമ്പർ നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീക അറിയിക്കേണ്ടതാണ്.

എൻക്വയറി നം. – 13 /19.01.19

2-3 വേക്കൻസി റെമിഷൻ അപേക്ഷകൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല

സഞ്ചയസോഫ്റ്റ് വെയർ പ്രകാരം ഒരു കെട്ടിടത്തിന് ഒന്നാം അർദ്ധവർഷത്തി , അഞ്ച് കെട്ടിടങ്ങൾക്ക് രണ്ടാം അർദ്ധവർഷത്തിലും വേക്കൻസി റെമി പ്രകാരം ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ അപേക്ഷകൾ ധനകാര്യസ്റ്റാന് കമ്മിറ്റിയിൽ അവതരിപ്പിക്കുകയോ, ഇവയ്ക്ക് ഇളവ് അനുവദിച്ചുകൊണ്ട കമ്മിറ്റി തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല. കെട്ടിടങ്ങളുടെ വിശദാംശ ചുവടെ ചേർക്കുന്നു.

കെട്ടിടനമ്പർ	അർദ്ധവർഷം
12/575	1
13/399	2
13/400	2
15/203	2
13/734	2
13/735	2
11/515	2

ആയതിന് വിശദീകരണവും, പ്രസ്തുത അപേക്ഷകളും ആവശ്യപ്പെട്ട് കെ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രജിസ്റ്റർ ഹാജരാക്കുകയും ധനകാര്യസ്റ്റാന് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കുകയും ചെ എന്നാൽ എൻക്വയറി നൽകിയതിന് ശേഷം ഒന്നാം അർദ്ധവർഷ പ്രകാരമ അപേക്ഷയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തുകയാണ് ഉണ്ടായത്. ആ അംഗീകരിക്കുന്നില്ല. ടി അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 2 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വസ്തുനികുതിയും സർചാർജ്ജും ചട്ടം വേക്കൻസി റെമിഷൻ പ്രകാരം ഇളവ് അനുവദിക്കണമെങ്കിൽ, അറു ദിവസത്തിൽ കൂടുതൽ കെട്ടിടം ഒഴിഞ്ഞു കിടക്കേണ്ടതും,ഒഴിഞ്ഞു കിടക്ക അർദ്ധവർഷത്തിൽ തന്നെ പഞ്ചായത്തിനെ നോട്ടീസ് മുഖാന്ത അറിയിക്കേണ്ടതുമാണ്. ഒഴിഞ്ഞു കിടക്കുന്ന തീയ്യതിയോ, നോട്ടീസ് നൽക തീയതിയോ ഏതാണ് ഒടുവിൽ വരുന്നത് അന്ന് മുതലാണ് നികുതിയിളവ്. ഒഴി

കിടക്കുന്ന ദിവസങ്ങൾക്ക് ആനുപാതികമായി അർദ്ധവർഷത്തെ നികുതിയ പകുതിയിൽ കവിയാത്തത്ര തുകയ്ക്കാണ് ഇളവ് അനുവദിക്കേണ്ടത്.അപേക്ഷ നടപടിക്രമങ്ങൾ പാലിച്ച് നടപ്പിലാക്കുന്നതിന് ശ്രദ്ധിച്ചിട്ടില്ല. ഇതിനേ വിശദീകരണം നൽകേണ്ടതാണ്.

എൻക്വയറി നമ്പർ - 9/18-01-19

2-4 തൊഴിൽ നികുതി

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേ പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശ ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസി നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുക പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുക ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം, പഞ്ചായത്തിലെ ജീപ്പ് ഡ്രൈവ ശ്രീ.രഞ്ജിത്തിൻെറ രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽ നിക ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് നടപടി സ്വീകരിച്ച് , രസീത് ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭിച്ചു. ഈടാക്കി അറിയിക്കേണ്ടതാണ്.

എൻക്വയറി നം. 8, 18/1/19

<u>ഭാഗം -3</u>

<u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

3-1 തുല്യതാപരീക്ഷ -രേഖകൾ ഹാജരാക്കിയില്ല.

നിർവ്വഹണോദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്
പ്രോജക്റ്റ് നം/ പേര്	119/18,
അടങ്കൽ തുക	1,05,300/-(വികസനഫണ്ട്)
ചെലവഴിച്ച തുക	1,05,300/- (ബിൽ നം 7/22-3-18, 33,300/-, ബിൽ നം 8/22-3-18, 72,000/-)

പത്താം തരം തുല്യത , പന്ത്രണ്ടാം തരം തുല്യത എന്നിവയ്ക്കായി 1,05,300/- സാക്ഷരതാമിഷനിലേക്ക് ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിലും പഠിതാക്കൾ രജി ചെയ്തതിന്റെയോ പരീക്ഷയ്ക്ക് ഹാജരായതിന്റെയോ പാസ്സായതിന്റെ രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പത്താം തരത്തിലെ പഠിതാക്കളുടെയും (18x1850=33,300/-) പന്ത്രണ്ടാം തരത്തിലെ 32 പഠിതാക്കളുടെ ((32x2250=72,000) പേര് വിവരം അടങ്ങിയ ലിസ്റ്റ് മാത്രമാണ് ഹാജരാക്കിയിട്ടുള .വിശദമായ രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതിക്ക് വേണ്ടി ചെലവ 1,05,300/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.രേഖകൾ ഹാജരാക്കി തട

ഒഴിവാക്കേണ്ടതാണ്. മേൽ വിഷയം സൂചിപ്പിച്ചുകൊണ്ട് നല്കിയ ഓ
എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം - 12/19-1-19
തടസ്സം - 1,05,300/- രൂപ

3-2 ഓർഡിനറി ബൾബുകൾക്ക് കറന്റ് ചാർജ്ജ് നൽകുന്നു

2017-18 സാമ്പത്തിക വർഷം പ്രതിമാസം വൗച്ചറുകൾ പ്രകാരം 1,07,168/-രൂപ വ കറണ്ട് ചാർജ്ജ് അടവാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.യുടെ 18/4/17 ലെ,AE-KMPI നമ്പരായുള്ള പുതുക്കിയ താരിഫ് പ്രകാരമുള്ള കറന്റ് ചാർജ്ജാണ് നൽകുന ഇതിൽ ഗ്രാമ പഞ്ചായത്തിൽ നിലവിൽ ഇല്ലാത്ത 40w ൻെറ 101 ഓർഡി ബൾബുകൾക്കും 60wൻെറ 478ഓർഡിനറി ബൾബുകൾക്കുമുള്ള കറന്റ് ചാ 55,422/-രൂപ കൂടി ഉൾപ്പെട്ടിരിക്കുന്നു. ആയതിലൂടെ ഈയിനത്തിൽ 6,65,064/- പ്രതി വർഷം നഷ്ടമാകുന്നുണ്ട്. കെ.എസ്.ഇ.ബി.യുടെ കണക്ക് പ്രകാരമ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	എണ്ണം	വാട്ട്	നിരക്ക്	മണിക്കൂർ	യൂണിറ്റ്	തുക (രൂപ)
ഓർഡിനറി ബൾബ്	101	40	66	12	1456	6,666
	478	60	102	12	10325	48,756

ഇത് സംബന്ധിച്ച രജിസ്റ്ററുകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് റിക്വിസിഷ വിശദാംശങ്ങൾ ആവശ്യപ്പെട്ട് എൻക്വയറിയും നൽകിയതിന് ആറ് വാർഡുകള് സംയുക്തപരിശോധന പൂർത്തീകരിച്ചിട്ടുണ്ട് എന്ന മറുപടി നൽകി. പരിശോ പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ് അറിയിച്ചിട്ടുണ്ട്.

2015-16 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ടിലും ഇത് സംബന്ധിച്ച് പരാമ ഉണ്ടായിരുന്നുവെങ്കിലും നാളിത് വരെ നടപടി പൂർത്തീകരിച്ചി കെ.എസ്.ഇ.ബിയുമായി അടിയന്തിരമായി സംയുക്ത പരിശോധന നട വൈദ്യുതോപകരണങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി അധികമ അടവാക്കിയിട്ടുള്ള തുക വരും ബില്ലുകളിൽ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

അടാട്ട് മാതൃകയിൽ തെരുവ് വിളക്കുകളുടെ പരിപാലനം നടത്തു സംബന്ധമായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച 17.8.15 ലെ ജി2-44274/15 ന ഉത്തരവ് പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ,രേഖ സൂക്ഷിക്കേണ്ടതും, വാർഡ്തല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കേണ്ടതുമ ഈ വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

എൻക്വയറി നം. -10/19.01.2019

3-3 സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കുന്നതിന് വികസന ഫണ്ടിൽ നിന്നും 3,75,000/- രൂപ ചെലവഴിച്ചു.

നിർവ്വഹണോദ്യോഗസ്ഥൻ	അസി.സെക്രട്ടറി
പ്രോജക്ട് നം/ പേര്	41/18, കുടുംബശ്രീ യൂണീറ്റുകൾക്ക് മൈക്രോ സംരംഭങ്ങൾ

അടങ്കൽ തുക	3,75,000/-രൂപ(വികസനഫണ്ട് ജനറൽ)
ചെലവഴിച്ച തുക	3,75,000/-രൂപ (ബിൽ നം 6/16-2-18 തുക 2,50,000/-രൂപ, ബിൽ നം 8/21-2-18 ,125000/-രൂപ)

സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കുന്നത വികസന ഫണ്ടിൽ നിന്നും 3,75,000/- രൂപ ചെലവഴിച്ചു.

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധ വഴി 15 കുടുംബശ്രീ യൂണിറ്റുകൾക്ക് മൈക്രോ സംരംഭങ്ങൾ ആരംഭിക്കുന്നത സബ്സിഡിയിനത്തിൽ യൂണിറ്റൊന്നിന് 25,000/- രൂപ നിരക്കിൽ 3,75,000/- (ചെലവഴിച്ചിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ (G.O (ms) 80/17 lsgd dated 3-4-17) ഖ. 6.1.12 ൽ സംരംഭക സബ്സിഡി നല്കുന്നത് സുസ്ഥിര വികസനത്തിന് കാര്യക്ഷമമായ പിന്ത നല്കാത്തതിനാൽ സബ്സിഡിയായി തുക നല്കുന്നതല്ലെന്നും ഖ. 6.2.1ൽ സംരംഭക വികസനത്തിനായി തദ്ദേശഭരണസ്ഥാപനം നിശ്ചയിക്കുന്ന തുക പ്രോജക്ടില റിവോൾവിംഗ് ഫണ്ടിലേക്ക് വകയിരുത്തി റിവോൾവിംഗ് ഫണ്ടായി നല്കണമെ ഇത് പ്രതിമാസ തവണകളായി ഈ ആവശ്യത്തിന് നിർവ്വഹണോദ്യോഗസ്ഥ പേരിൽ ആരംഭിക്കുന്ന റിവോൾവിംഗ് ഫണ്ട് റീകൂപ്പ്മെന്റ് ബാങ്ക് അക്കൗണ്ടിലേ തിരികെ അടയ്ക്കണമെന്നും വ്യക്തമാക്കുന്നുണ്ട്. കൂടാതെ ഖ 6.2 റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ലെ താൽക്കാലികമായ പലിശ രഹിത പ്രോത്സാഹനം മാത്രമാണെ വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ മേൽപ്രകാരം വ്യക്തമാക്കിയിരി അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി തുക ചെലവഴിച്ചത് ഓഡിറ്റ അംഗീകരിക്കുന്നില്ല. മേൽ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കി അംഗീകരിക്കത്തക്കതല്ല. റിവോൾവിംഗ് ഫണ്ടായി തുക നല്കിയെന്നാണ് മറു നല്കിയിട്ടുള്ളത്.

<u>കുടുംബശ്രീ യൂണിറ്റുകൾക്ക് മൈക്രോ സംരംഭങ്ങൾ-പരിശോധനയിൽ കണ്ട അപാകതകൾ</u>

<u>1.സബ്സിഡി തുക കൈമാറി ഒരു വർഷത്തോളമായിട്ടും 2കുടുംബ യൂണിറ്റുകൾക്ക് തുക ലഭ്യമായിട്ടില്ല</u>

മേൽ പദ്ധതി നടത്തിപ്പിനായി വകയിരുത്തിയ മുഴുവൻ തുകയും ട്രഷറി മുഖേ 25,000/- രൂപ വീതം 15 കുടുംബശ്രീ യൂണിറ്റുകളുടെ അക്കൗണ്ടിലേ കൈമാറിയിട്ടുണ്ടെങ്കിലും എെശ്വര്യകുടുംബശ്രീ യൂണിറ്റ് - , വാർഡ് 5 , മ കുടുംബശ്രീ യൂണിറ്റ്, വാർഡ് 17 എന്നിവയ്ക്ക് നാളിതുവരെ തുക ലഭിച്ചിട്ടില്ല. (ബ ബുക്ക് പ്രകാരം തുക ട്രാൻസ്ഫർ ചെയ്തിരിക്കുന്നത് 16-2-18 ൽ).

<u>2. സംരംഭങ്ങൾ ആരംഭിക്കാതെ തന്നെ സബ്സിഡി തുക കൈമാറി.</u>

മേൽ പദ്ധതി വഴി സബ്സിഡി നല്കിയ 15 കുടുംബശ്രീ യൂണിറ്റുക അപേക്ഷയോടൊപ്പം ഹാജരാക്കിയിരുന്ന പ്രോജക്ട് പ്രൊപ്പോസൽ പ്രകാരമ സംരംഭങ്ങൾ ഒന്നും തന്നെ ആരംഭിക്കുകയോ ചില ഗ്രൂപ്പുകൾ ബ ലോണെടുക്കുകയോ ചെയ്തിട്ടില്ലെന്ന് കുടുംബശ്രീ ഗ്രൂപ്പുകളെ നേരിൽ കണ്ട് ബ പാസ്സ് ബുക്കുകളും മറ്റും പരിശോധിച്ചതിൽ ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു (പരിശോധനാ വിവരം ഓഡിറ്റ് ഫയലിനോടൊപ്പം)പ്രോജക്ട് പ്രൊപ്പോസ പ്രകാരമുള്ള സംരംഭങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ലെന്നും ഇതു വരെ തുടർ

വന്നിരുന്ന പ്രവർത്തനങ്ങൾ സ്വന്തം വീട്ടിലോ ഗ്രൂപ്പംഗങ്ങളിൽ ആരുടെയെങ്കി
വീട്ടിലോ നടത്തുന്നുണ്ടെന്നുമാണ് അറിയിച്ചത്.

സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നല്കുന്നത് സംബന്ധിച്ച മ
നിർദ്ദേശങ്ങളിൽ തദ്ദേശഭരണസ്ഥാപനം അപേക്ഷ ക്ഷണിക്കുന്ന മുറ
സംരംഭകർ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സംരംഭം സംബന്ധിച്ച ഒരു പ്രോജ
പ്രൊപ്പോസൽ നല്കി രജിസ്റ്റർ ചെയ്യണമെന്നും സംരംഭകർ ബാങ്ക് ലോൺ ലഭ്യമാ
പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തദ്ദേശഭരണ അനുമതികളും
ലൈസൻസുകളും ലഭ്യമാക്കി അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി പ്രവർത്ത
ആരംഭിച്ചാൽ നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് ബോദ്ധ്യ
സംരംഭകരുമായി കരാറിലേർപ്പെട്ടതിന് ശേഷം മാത്രമേ റിവോൾവിംഗ് ഫ
നല്കാവൂ എന്ന് വ്യക്തമാക്കുന്നുണ്ട്.

റിവോൾവിംഗ് ഫണ്ട് നല്കുന്നതിനുപോലും മേൽ മാനദണ്ഡ
പാലിക്കണമെന്നിരിക്കെ മേൽ സൂചിപ്പിച്ച യാതൊരു പ്രവർത്തനങ്ങളും നടത്താ
ഗ്രൂപ്പുകൾക്ക് ഒരു പരിശോധനയും കൂടാതെ സബ്സിഡിയായി തുക നല്കി
നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപമ
ഓഡിറ്റ് വിലയിരുത്തുന്നു. മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി ചെലവു ചെ
3,75,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

മേൽ വിഷയം സൂചിപ്പിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറു
ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം – 11/19-1-19
നിരാകരിച്ച തുക – 3,75,000/-രൂപ

3-4 സിംഗിൾ ടെണ്ടർ സ്വീകരിച്ച് പ്രവർത്തി നടത്തിയത്

പദ്ധതി നം. 91/18
അടങ്കൽ -2,80,000/-രൂപ
ഫണ്ട് -മെയിന്റനൻസ് ഫണ്ട്
എം.ബുക്ക് – 20/17-18

കാവിളമുക്ക് പള്ളിക്കുളം ഏലാ റോഡ് റീടാറംഗ് എന്ന പ്രവർത്തിക്ക് 2,80,000/-
എസ്റ്റിമേറ്റ് തയ്യാറാക്കി ഇ-ടെണ്ടർ നത്തി. 14.11.2017-ൽ 2,79,015/-രൂപ ക്വാട്ട് ചെയ്ത
rate) രാജു.എസ് എന്ന കരാറുകാരന് വർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ഫ
പരിശോധനയിൽ ടിയാന്റെ ടെണ്ടർ മാത്രമാണ് ലഭ്യമായി കാണുന്നത്. സിം
ടെണ്ടർ ലഭിച്ചാൽ സ്വീകരിക്കേണ്ട നടപടികൾ കൈക്കൊള്ളുകയോ ടെ
നിരസിച്ച് റീടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
ചെയ്തിട്ടില്ല. ആയതിന് പകരം കമ്മിറ്റി തീരുമാന പ്രകാരം 0.35% എസ്റ്റിമേറ്റ
കുറഞ്ഞ റേറ്റ് അംഗീകരിച്ചു നൽകി. റീടെണ്ടർ ചെയ്യാതിരുന്നതു സംബന്ധ
വിശദീകരണം നൽകേണ്ടതാണ്.

ബിൽ നം. -23/17-18, 15-3-2018
തടസ്സപ്പെടുത്തിയ തുക -2,40,000/-രൂപ
ഓഡിറ്റ് എൻക്വയറി നം. 6, തീയതി -17/01/2019

3-5 മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ മരുന്ന് വാങ്ങിക്കൽ, ഉപകരണങ്ങ
വാങ്ങൽ പദ്ധതികളിൽ ₹86,604/- രൂപയുടെ മരുന്നുകൾ, ഉപകരണങ്ങൾ ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 ൽ നടപ്പിലാക്ക
മരുന്ന് വാങ്ങൽ , ഉപകരണങ്ങൾ വാങ്ങൽ പദ്ധതികളിൽ ₹86,604 /-രൂപയു

മരുന്നുകൾ /ഉപകരണങ്ങൾ നാളിതുവരെ പി.എച്ച്.സിക്ക് ലഭിച്ചില്ല. വിശദാംശ
ചുവടെ ചേർക്കുന്നു :-

1) കുന്നത്തൂർ PHC യിലേക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നം: 05/18

ബിൽ നം: 06/17-18 (22-1-18); ₹ 2,00,000 /-

₹ 2,00,000/- KMSCL ന് നൽകിയതിൽ ₹60,000/- യുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്.

2) സാന്ത്വന പരിചരണം - മരുന്ന്/ഉപകരണങ്ങൾ വാങ്ങൽ

പ്രോജക്ട് നം: 6/18

ബിൽ നം: 7/17-18(22-1-18)

₹ 75,000 KMSCL ന് നൽകിയതിൽ ₹ 26,604/- തുകയ്ക്കുള്ള ഉപകരണങ്ങ ലഭിയ്ക്കുവാനുണ്ട്. മരുന്നുകൾ, ഉപകരണങ്ങൾ ലഭിയ്ക്കുവാനുള്ള നടപടി മെഡിക്കൽ ഓഫീസർ സ്വീകരിക്കേണ്ടതാണ്.

3-6 പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം ലൈഫ് പദ്ധതിയിൽ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

നിർവ്വഹണോദ്യോഗസ്ഥൻ	അസി.സെക്രട്ടറി
പ്രോജക്റ്റ് നം/ പേര്	51/18,
അടങ്കൽ തുക	12,00,000/- രൂപ(വികസനഫണ്ട് ജനറൽ-7,20,000/- രൂപ,തനത്ഫണ്ട്-4,80,000/- രൂപ)
ചെലവഴിച്ച തുക	7,20,000/- രൂപ(വികസനഫണ്ട് ജനറൽ) [(ബിൽ നം 9/8-3-18 , 2,60,000/-രൂപ, ബിൽ നം 13/28-3-18 ,1,00,000/-രൂപ, ബിൽ നം 12/24-3-18 ,60,000/-രൂപ ബിൽ നം 16/28-3-18 ,2,40,000/-രൂപ, ബിൽ നം 17/28-3-18 ,60,000/-രൂപ)]

പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനുള്ള മാ നിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ 11-10-17ലെ go(n 196/17-ാം നമ്പർ ഉത്തരവിൽ ഭവനപൂർത്തീകരണത്തിനുള്ള നടപടികൾക്ക തദ്ദേശഭരണ സ്ഥാപന തലത്തിൽ കർമ്മ സമിതികൾ രൂപീകരിക്കണമെ തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസി അംഗങ്ങൾ, അസി.എഞ്ചിനീയർ/ഓവർസീ കർമസമിതി അംഗങ്ങൾ മുതലായവർ പൂർത്തീകരിക്കാത്ത ഭവനങ്ങൾ സന്ദർശ ഓരോ വീടിന്റെയും മൈക്രോപ്ലാൻ തയ്യാറാക്കണമെന്നും എസ്റ്റി തയ്യാറാക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. ഗുണഭോക്താക്കൾ അനുവദനീയ തുക കൊണ്ട് ഭവന നിർമ്മാണം സാധ്യമാകുന്നില്ലെങ്കിൽ പ്രാദേശിക വി സമാഹരണത്തിലൂടെയോ ഭവനനിധി രൂപീകരിച്ചോ തുക കണ്ടെത്തി ഭ

നിർമ്മാണം പൂർത്തീകരിക്കണമെന്നും വ്യക്തമാക്കിയിട്ടു ഗുണഭോക്താക്കൾക്ക് നേരിട്ട് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാ സാഹചര്യത്തിൽ ഏജൻസികളെ ക്കൊണ്ട് ചെയ്യിക്കാമെന്നും കരാർ കാലാ പരമാവധി 3 മാസത്തിലധികരിക്കാതെ ടി ഏജൻസികൾ നിർമ്മാ പൂർത്തീകരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. കരാറുകാർക്ക് കാരണവശാലും അഡ്വാൻസ് പേയ്മെന്റ് നല്കാൻ പാടില്ലെന്നും 31-3-18 ന് മുമ്പ് പ പൂർത്തീകരിച്ച് MIS ൽ ഫോട്ടോ അപ്ലോഡ് ചെയ്യണമെന്നും മേൽ ഉത്തരവ നിർദ്ദേശിക്കുന്നുണ്ട്.

എന്നാൽ നിർദ്ദേശങ്ങളും പാലിക്കുകയോ പൂർത്തീകരണസർട്ടിഫിക്ക പൂർത്തികരണത്തിന്റെ ഫോട്ടോയോ പോലും ഹാജരാക്കാതെ മേൽ പദ്ധ നടപ്പിലാക്കിയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

മേൽ പദ്ധതിയിലുൾപ്പെട്ട 6 ഗുണഭോക്താക്കളിൽ 5 പേ കരാറുകാരനെകൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനും ഒരാ നേരിട്ടും നിർമ്മാണം നടത്തുന്നതിനാണ് തുക നല്കിയത്. ഭവനനിർമ്മ പൂർത്തീകരണത്തിനായി കരാറുകാരനുമായി 8-3-18 ൽ അസി.സെക്ര ഏർപ്പെട്ടിരുന്ന കരാർ പ്രകാരം 25-3-18 നകം നിർമ്മാണം പൂർത്തീകരിക്കണമെ ഏതെങ്കിലും തരത്തിൽ 25-3-18 കാലാവധിക്കുള്ളിൽ പണി പൂർത്തീകരിക്ക കഴിയാതെ വന്നാൽ കരാറുകാരന്റെ നഷ്ടോത്തരവാദിതത്തിൽ പ പൂർത്തീകരിക്കുന്നതാണെന്നും കരാറിൽ വ്യക്തമാക്കിയിട്ടു ഉത്തരവുകൾപ്രകാരം അഡ്വാൻസ് പേയ്മെന്റ് നല്കാൻ പാടില്ലെ വ്യക്തമാക്കിയിരുന്നെങ്കിലും കരാർ വച്ച തീയതിയായ 8-3-18 ൽ ത കരാറുകാരന്റെ അക്കൗണ്ടിലേക്ക് 2,60,000/- രൂപ കൈമാറിയിരു കരാറുകാരന്റെ പണി പൂർത്തീകരിച്ചതായ സാക്ഷ്യപത്രത്തിന്റെയടിസ്ഥാനത്തിൽ ശേഷിച്ച 3,40,000/-രൂപ 28-3-18 കൈമാറിയിരുന്നു. കരാറുകാരൻ നിർവ്വഹണം നടത്തിയ 5 ദിവസങ്ങള പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തിയത ചുവടെ ചേർക്കുന്ന 3 വ്യക്തികളുടെ ഭവനനിർമ്മാണം സ്ഥലപരിശോധന നടത്ത 18.01.2019-ലും പൂർത്തീകരിച്ചിട്ടില്ലെന്ന് കണ്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	കരാറുകാരന് അഡ്വാൻസ് ആയി നല്കിയ തുക (രൂപ)	സ്ഥലപരിശോധനാ വിവരം
1	ഗബ്രിയേൽ , മെറീനാഭവനം, തുരുത്തിക്കര	40,000/-	മേൽക്കൂര ഷീറ്റു കൊണ്ട് നിർമ്മിച്ചു. മറ്റ് പണികൾ നടക്കുന്നു
2	ജോയി, ബിനുഭവനം , തുരുത്തിക്കര	40,000/-	വീടിന് ഭാഗികമായി ഷീറ്റിട്ടു. വീടിന്റെ പകുതി ഭാഗം മേൽക്കൂരയില്ലാതെ ഭിത്തി ജീർണ്ണിച്ച അവസ്ഥയിൽ.
3	ആൻഡ്രൂസ്, കണിയാംതറ, തുരുത്തിക്കര	1,20,000/	ഭിത്തി കെട്ടി, മേൽക്കൂരയിട്ടിട്ടില്ല.
	ആകെ	**2,00,000/-**	

മേൽ വിഷയം സൂചിപ്പിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറു ലഭ്യമാക്കിയിട്ടുണ്ട്. കരാറുകാരൻ പണി പൂർത്തിയാക്കിയതായി തെറ്റിദ്ധരി തുക കൈപ്പറ്റിയെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുള്ള മേൽവ്യക്തികളുടെ വീടുപണി പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാ മേൽ വ്യക്തികൾക്ക് വേണ്ടി ചെലവഴിച്ച 2, 00,000/-രൂപ തടസ്സപ്പെടുത്തുന്നു.

തടസ്സം – 2, 00,000/-രൂപ

ഓഡിറ്റ് എൻക്വയറി നം – 11/19-1-19.

3-7 ലൈബ്രറികൾക്ക് ഫർണീച്ചർ - 44, 400/-രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്
പ്രോജക്റ്റ് നം/ പേര്	42/18,
അടങ്കൽ തുക	45,000/-രൂപ (വികസനഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്)
ചെലവഴിച്ച തുക	44,400/- രൂപ (ബിൽ നം 5/28-2-18

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി വ ലൈബ്രറികൾക്ക് 7,400/- രൂപ നിരക്കിൽ 44,400/-രൂപ ചെലവഴിച്ച് അലമാര വാ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ലൈബ്രറികളുടെ അപേക്ഷകളോ രജിസ്ട്രേ രേഖകളോ നിലവിൽ പ്രവർത്തിക്കുന്നവയാണോ എന്നീ വിവരങ്ങളോ ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതിക്ക് വേ

ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തട ഒഴിവാക്കേണ്ടതാണ്.

മേൽ വിഷയം സൂചിപ്പിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറു ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം – 12/19-1-19

3-8 വിനിയോഗസാക്ഷ്യപത്രങ്ങൾ ഇല്ല:

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 17/18 വാർഷിക പദ്ധതിയ ഉൾപ്പെടുത്തി വിവിധ വകുപ്പുകൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്ന കൈമാറിയ തുകകൾ അതാത് പദ്ധതിക്ക് തന്നെ വിനിയോഗിച്ചതിന്റെ രേഖ ചെലവ് സ്റ്റേറ്റ്മെൻറുകൾ, ഫൈനൽ ബില്ലുകൾ, പൂർത്തീകരണ സാക്ഷ്യപത്ര എന്നീ രേഖകൾ ഇല്ല. വിശദാംശങ്ങൾ ചുവടെ:

പദ്ധതിയുടെ പേര്	ബിൽ നം.	ചെലവഴിച്ച തുക (രൂപ)	കൈപ്പറ്റിയ സ്ഥാപനം
പൈപ്പ് ലൈൻ എക്സ്റ്റൻഷൻ:	30/17-18; (26-2-18)	20,00,000/-	കേരള വാട്ടർ അതോറിറ്റി
പി.എം.എ.വൈ വിഹിതം ഒടുക്കൽ (ജനറൽ)	28/17-18 (26-2-18)	4,57,000/-	ബ്ലോക്ക് ഓഫീസ്, ശാസ്താംകോട്ട

വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാകാത്തതിനാൽ 24,57,000/-രൂപ ഓഡിറ് തടസ്സപ്പെടുത്തുന്നു.

മേൽ സൂചിപ്പിച്ച പദ്ധതികൾക്ക് വേണ്ടി കൈമാറിയ 24,57,000/- വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം, വിശദമായ ചെലവ് പത്രികൾ, ഫൈ ബില്ലുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 24,57,000/-രൂപ

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നല്കിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (രൂപ)	പ്രോജക്ടിന്റെ പേര്	ചെലവ് (രൂപ)	ബാലൻസ് (രൂപ)
ബ്ലോക്ക് പഞ്ചായത്ത്	2017-18	56,250	നെൽകൃഷിവികസനം	56,250	ഇല്ല
ബ്ലോക്ക് പഞ്ചായത്ത്	2017-18	4,00,000	പാലിയേറ്റീവ്കെയർ	4,00,000	ഇല്ല
ബ്ലോക്ക് പഞ്ചായത്ത്	2017-18	75,000	ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്	75,000	ഇല്ല
ബ്ലോക്ക് പഞ്ചായത്ത്	2017-18	5,00,000	ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്	5,00,000	ഇല്ല
ബ്ലോക്ക് പഞ്ചായത്ത്	2017-18	5,00,000	വെയ്സ്റ്റ് ഡിസ്പോസൽ	0	5,00,000
ജില്ലാ പഞ്ചായത്ത്	2017-18	63,750	നെൽകൃഷിവികസനം	63,750	ഇല്ല
ജില്ലാ പഞ്ചായത്ത്	2017-18	5,00,000	അനുപൂരക പോഷകാഹാരം	5,00,000	ഇല്ല
ജില്ലാ പഞ്ചായത്ത്	2017-18	1,00,000	ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്	1,00,000	ഇല്ല
ജില്ലാ പഞ്ചായത്ത്	2017-18	4,00,000	ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്	4,00,000	ഇല്ല

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്ക പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃ നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക (രൂപ)	ചെലവഴിച്ച തുക (രൂപ)	ചെലവഴിക്ക ബാക്കിയു തുക (രൂപ)
കേരള വാട്ടർ അതോറിറ്റി	പൈപ്പ് ലൈൻ ഇൻസ്റ്റലേഷൻ	21701014/ 25.03.2018	20,00,000	0	20,00,000

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-4 വായ്പ വായ്പ തിരിച്ചടവ്

വായ്പയുടെ പേര് ഉദ്ദേശം	ഉത്തരവ്നം തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക	തൻ വർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഇ.എം.എസ് ലോൺ	ലഭ്യമല്ല.	1,03,94,500	29,98,950	14,19,429	0	15,79,521

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റീക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6,000/-രൂപയുടെ വിശദാം താഴെക്കൊടുക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക (രൂപ)	ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗസ്ഥൻ	രസീത് നം./ തീയതി
2015-16	3-10(3)	500	ഉണ്ണി, തുണ്ട് പുരയിൽ	117020100957/ 20.7.2017
2015-16	2-2/1-2	3,000	ശ്രീ ദുർഗ്ഗാ കാഷ്യു ഫാക്ടറി	117020103/ 27.04.2017
2015-16	2-2/2-2	2,500	ശ്രീ ദുർഗ്ഗാ കാഷ്യു ഫാക്ടറി	117020100301/ 27.04.2017

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ പ ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ത കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
ലഭ്യമല്ല	പ്രവർത്തന ക്ഷമതാ റിപ്പോർട്ട്	2013-14	5-2-4-5	എയ്ഡഡ് സ്ക്കൂൾ കോമ്പൗണ്ടിൽ അൺ എയിഡഡ് സ്ക്കൂൾ	പരാമർശം നിലനിൽക്കുന്നു.

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്		6,88,15,8
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	6,47,13,8
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	3,75,000
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	30,46,70

(ബി). **<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളു പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-3		3,75,000	പി.ജോണി, അസിസ്റ്റ സെക്രട്ടറി

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	1,05,300/-	ശ്രീ.പ്രസാദ് ഡി, ഹെഡ്മാസ്റ്റർ
3-4	2,40,000/-	ശ്രീ.ഇ.ഷാനവാസ്,എ.ഇ.
3-6	2,00,000/-	ശ്രീ.പി.ജോണി, അസിസ്റ്റന്റ് സെക്രട്ടറി
3-7	44,400/-	ശ്രീ.പ്രസാദ് ഡി, ഹെഡ്മാസ്റ്റർ
3-8	24,57,000	ശ്രീമതി.ഉഷാകുമാരി, സെക്രട്ടറി

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ട നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്ത ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.പ്രസാദ് ഡി, എച്ച് എം.	ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്., കോയിക്കൽ ഭാഗം, പെരുവേലിക്കര പി.ഒ.കടപുഴ	പടുവത്തിൽ വീട് , മുതുപിലക്കാട് വെറ പോരുവഴി പി.ഒ.
ശ്രീ.ഇ.ഷാനവാസ്, എ.ഇ.	എൽ.എസ്സ്.ജി.ഡി.സെക്ഷൻ, അയ്മനം ഗ്രാമ പഞ്ചായത്ത്, അയ്മനം പി.ഒ.,കോട്ടയം	മേലേവിള വീട് , കുളപ്പാടം , നെടുമ്പന പി.ഒ., കൊല്ലം 691576
ശ്രീ.പി.ജോണി അസിസ്റ്റന്റ് സെക്രട്ടറി	സെക്രട്ടറി മൈലം ഗ്രാമപഞ്ചായത്ത്	കന്നിമേൽ തോണ്ടലിൽ, പോരുവഴി , വടക്കേമുറി, ചാത്താംകുളം.പി.ഒ
ശ്രീമതി.ഉഷാകുമാരി, സെക്രട്ടറി	------	ചൈത്രം , ശൂരനാട്.പി.ഒ

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1996-97	കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(1) /2018,16-5-18
1997-98	കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(2) /2018,16-5-18
1998-99	കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(3) /2018,16-5-18
1999-2000	കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(4) /2018,16-5-18
2000-2001	കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(5) /2018,16-5-18
2001-2002	കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(6) /2018,16-5-18
2003-2004	കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(7) /2018,16-5-18
2004-2005	കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(8) /2018,16-5-18
2005-2006	കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(9) /2018,16-5-18
2006-2007	എൽ.എഫ്.ക്യു.പി.6/1384/14/26-6-2014
2007-2008	എൽ.എഫ്.ക്യു.പി.6/1384/14/26-6-2014
2008-2009	എൽ.എഫ്.ക്യു.പി.6/534/12 /29-5-12
2009-2010	എൽ.എഫ്.ക്യു.പി.6/535/12/27-7-12

2010-2011 & 2011-2012	എൽ.എഫ്.ക്യു.പി.6/1969/12/23-1-13
2012-13 & 2013-2014	കെ.എസ്.എ.കെ.എൽ.എം/പി6/1300/1/16-9-15
2014-15	കെ.എസ്.എ.കെ.എൽ.എം/പി6/1177/2016/01-8-16
2015-16	കെ.എസ്.എ.കെ.എൽ.എം/പി 10/1842/2016,26/10/17
2016-17	കെ.എസ്.എ.കെ.എൽ.എം/പി 10/1078/2017,26/10/17

ഡെപ്യൂട്ടി ഡയറക്ടർ(ഹ.
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊ

<u>അനുബന്ധം 2</u>
<u>സംക്ഷിപ്തം.</u>

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ(ഹ.
ജില്ല ഓഡിറ്റ് കാര്യാലയം, കൊ
കേരള സംസ്ഥാന ഓഡിറ്റ് വക

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം 2017-18

കെ.എസ്.എ-കെ.എൽ.എം-പി10/207/2019

കേരള സംസ്ഥാന ഓഡിറ്റ് വക
ജില്ലാ ഓഡിറ്റ് കാര്യാല
പഴയ മുനിസിപ്പൽ ബിൽഡി
ചിന്നക്കട, കൊ
പിൻ - 691 001, Ph: 0474 – 274
E-mail: doklm.ksad@kerala.g

തീയതി:09/04 /

ഓഡിറ്റ് സാക്ഷ്യപത്രം 2017-18

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയ വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ട [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്ന അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡും അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്ക ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റ 2017-18 സാമ്പത്തിക വർഷത്തെ** വാർഷിക ധനകാര്യപത്രിക പരിശോധിച്ചത ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴി സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കും ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകള അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഭ
കേരള സംസ്ഥാന ഓഡിറ്റ് വക
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊ